LIBRARY ARCHIVES Kerala Legislative Assembly

കാസർകോട് ജില്ലയിൽ വ്യവസായ സ്ഥാപനങ്ങൾ

229 (596) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർകോട് ജില്ലയിൽ ഏതെല്ലാം മേഖലകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഇതിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമാണെന്ന് ലാഭം/നഷ്ടം/വർഷം തിരിച്ച് വിശദീകരിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 2014-15 വർഷം 3 ആല്പ് കേന്ദ്രങ്ങളും ഒരു നെയ്ത്ത് കേന്ദ്രവും ആരംഭിച്ചിട്ടുണ്ട്. കെല്ലിന്റെ കാസർഗോഡ് യൂണിറ്റ് 28-3-2011-ൽ ഭെല്ലിന് കൈമാറുകയും ഭെൽ ഇലക്ട്രിക്കൽ ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിച്ച് പ്രവർത്തിക്കുന്നു. വ്യവസായ ഡയറക്ടറേറ്റ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവരിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ടൈറ്റാനിയം കമ്പനിയുടെ തകർച്ച

230 (597) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിയും കെടുകാര്യസ്ഥതയും പൊതുമേഖലാ വ്യവസായ സ്ഥാപനമായ ടൈറ്റാനിയത്തിന്റെ തകർച്ചയ്ക്ക് പ്രധാനകാരണമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പല ഘട്ടങ്ങളിലും നല്ല നിലയിൽ പുരോഗതി പ്രാപിച്ചിരുന്ന ടൈറ്റാനിയം കമ്പനി ഇന്നത്തെ നിലയിലേക്ക് തകർച്ച നേരിടുന്നതിനിടയായ കാരണം പരിശോധിച്ചിട്ടുണ്ടോ ;